(v) പാത്ര നിർമാണ കല

നാഗരികതയുടെ വളർച്ചയെ സൂചിപ്പിക്കുന്നതാണ് പാത്രങ്ങൾ. പുരാതന മെഡിറ്ററേനിയൻ മേഖലകളിലും സമീപ പൗരസ്ത്യ ദേശങ്ങളിലും കളിമണ്ണ് സുലഭമായിരുന്നതിനാൽ പലതരത്തിലുള്ള പാത്രങ്ങൾ നിർമിക്കപ്പെട്ടിരുന്നു. മണലും ക്വാർട്സും മണ്ണും കുലാല ചക്രത്തിൽ പാകപ്പെടുത്തി ഉറപ്പും മിനുസവുമുള്ള പാത്രങ്ങളുണ്ടാക്കുന്ന വിദ്യയും അവർക്ക് പരിചിതമായിരുന്നു. ഈജിപ്ത്, സിറിയ, മെസൊപ്പൊട്ടേമിയ പ്രദേശങ്ങൾ ഗ്ലാസ് നിർമാണത്തിന് പ്രസിദ്ധിയാർജിച്ചു.

മുസ്ലിം പാത്ര നിർമാതാക്കൾ പാത്രങ്ങളിലും സമൃദ്ധമായ അലങ്കാര വേലകളിലൂടെ തങ്ങളുടെ കലാവൈഭവം പ്രകടിപ്പിക്കുകയുണ്ടായി. പുസ്തകങ്ങളിലും ലോഹങ്ങളിലും മരസാമാനങ്ങളിലും ചെയ്തതുപോലെ ചിത്രപ്പണികൾ ചെയ്ത് പാത്രങ്ങൾക്കും അവർ കലാപരമായ അനശ്വരത നല്കി. ഇറാഖിൽ ഒമ്പതാം നൂറ്റാണ്ടിലും ഇറാനിലും അഫ്ഗാനിസ്താനിലും 10–ാം നൂറ്റാണ്ടിലും സിറിയയിൽ 12–ാം നൂറ്റാണ്ടിലും സ്പെയ്നിൽ 14–ാം നൂറ്റാണ്ടിലും തുർകിയിൽ 16–ാം നൂറ്റാണ്ടിലുമാണ് പാത്രനിർമാണം ഒരു കലയായി വികസിച്ചത്. ഈ കലാകാരന്മാർ പിഞ്ഞാണപ്പാത്രങ്ങളിൽ ഖുർആൻ സൂക്തങ്ങൾ ആലേഖനം ചെയ്തു. പാത്രങ്ങൾക്ക് കലാപരമായ പുതിയ രൂപങ്ങളും ഡിസൈനും കണ്ടെത്തി. പാത്രങ്ങളിൽ മാഞ്ഞുപോവാത്ത വിധം വർണങ്ങൾ പൂശുന്നതിലും ഇവർ നിപുണരായിരുന്നു. ക്വാർട്സ് ഉന്നത താപത്തിൽ ചൂടാക്കി സുതാര്യമായ പാത്രങ്ങളും അവർ നിർമിച്ചു. ''തത്ത്വചിന്തകരുടെ കല്ല് പോലെയാണ് സത്യത്തിൽ ഈ കല'' എന്ന് അബുൽഖാസിമിൽ കാശാനി തദ്സംബന്ധമായ തന്റെ നിബന്ധത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

കളിമൺ പാത്രങ്ങൾ, കണ്ണാടിപ്പാത്രങ്ങൾ, സ്ഫടികപ്പാത്രങ്ങൾ എന്നിവയുടെ നിർമാണത്തിൽ സ്പെയ്നും തുർകിയും മേല്കൈ നേടിയെന്ന് ചരിത്രകാരന്മാർ പറയുന്നു. സ്പെയ്നിൽനിന്നു വിദൂര ദിക്കുകളിലേക്ക് സ്ഫടികപ്പാത്രങ്ങൾ കയറ്റിയയച്ചിരുന്നതായി ഇബ്നുബത്ത്വൂത്വഃയുടെ സഞ്ചാര രേഖകളിലുണ്ട്. യൂഫ്രട്ടീസ് തീരത്തെ റഖ്ഖഃ, ഇറാനിലെ കാശാൻ എന്നിവയും പ്രമുഖ പാത്ര നിർമാണ കേന്ദ്രങ്ങളായിരുന്നു. ഇവിടെനിന്ന് യൂറോപ്പിലേക്ക് പാത്രങ്ങൾ കയറ്റിയയച്ചതായി രേഖകളുണ്ട്.

മിനായി, ലജ്വാർദിന, സുൽത്വാനാബാദ്, ഇസ്നിക് പാത്രങ്ങൾ ഇസ്ലാമിക പാത്രനിർമാണ കലയുടെ യശസ്സുയർത്തിയ വിശേഷ തരം പാത്രങ്ങളത്രെ. ബഹുവർണ ചിത്രങ്ങൾകൊണ്ട് അലങ്കരിച്ചവയായിരുന്നു ഈ പാത്രങ്ങൾ.

12 മുതൽ 15 വരെ നൂറ്റാണ്ടുകളിൽ ഈജിപ്തിലും സിറിയയിലും ഉന്നത നിലവാരം പുലർത്തുന്ന വൈവിധ്യമാർന്ന പാത്രങ്ങൾ ഉൽപാദിപ്പിച്ചിരുന്നു. ഉഥ്മാനിയ്യഃ ഖിലാഫതിന്റെ കീഴിൽ പടിഞ്ഞാറൻ അനാത്വൂലിയയിലെ ഇസ്നിക് ഒരു വലിയ പാത്ര വ്യവസായ കേന്ദ്രമായി വളർന്നു. നീലയും വെള്ളയും നിറങ്ങളുള്ള തളികകളും ബേസിനുകളും ഇസ്നികിന്റെ പേര് യൂറോപ്പിൽ പ്രശസ്തമാക്കി. ഇലകളുടെയും പൂക്കളുടെയും ചിത്രങ്ങൾകൊണ്ട് പിഞ്ഞാണപ്പാത്രങ്ങൾ അലങ്കരിക്കാനും ഇസ്നികിലെ കലാകാരന്മാർ വിദഗ്ധരായിരുന്നു.

ചൈനീസ് പിഞ്ഞാണപ്പാത്രങ്ങളെ ഇസ്ലാമികമായി രൂപാന്തരപ്പെടുത്തുന്നതിലും മുസ്ലിം പാത്രനിർമാതാക്കൾ ഔത്സുക്യം കാണിച്ചു. പാത്രങ്ങൾക്ക് തിളക്കം നല്കുന്നതിന് അവർ പുതിയ വഴികൾ കണ്ടുപിടിച്ചു. ഇസ്ലാമിന്റെ ലാവണ്യശാസ്ത്രത്തോടു നീതി പുലർത്തുന്ന ഡിസൈനുകളാണ് പാത്രങ്ങൾക്ക് അവർ നല്കിയത്. ചൈനീസ് പാത്രനിർമാതാക്കൾ ആകാരത്തെയും തിളക്കത്തെയും മാത്രം സൗന്ദര്യത്തിന്റെ ഘടകങ്ങളായി കണ്ടപ്പോൾ മുസ്ലിംകൾ വർണം, ചിത്രവിന്യാസം, ഘടന എന്നിവയും സൗന്ദര്യ ഘടകങ്ങളായി കണ്ടു എന്ന് ജോനാഥൻ ബ്ലൂമും ഷീലാ ബ്ലയറും നിരീക്ഷിക്കുന്നു. വിശാലമായ പ്രതലത്തോടുള്ള മമത ഇസ്ലാമിക കലയുടെ ഒരു സവിശേഷതയാണെന്നും അവർ പറയുന്നുണ്ട്.

കളിമൺ പാത്രങ്ങളെ വിവിധ നിറങ്ങളിലുള്ള ലോഹച്ഛായങ്ങൾകൊണ്ട് ആവരണം ചെയ്യുന്ന സമ്പ്രദായവും മുസ്ലിം നാടുകളിൽ പ്രചാരത്തിലുണ്ടായിരുന്നു.